For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No.
KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 9 | ആഗസ്റ്റ് 2008

# കൊച്ചി നഗരത്തിലെ ചേരികൾ

തിരുവനന്തപുരം മുതൽ കാസർഗോടു വരെയുള്ള ജില്ലകളിൽ വിവിധ വികസന പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. വിഴിഞ്ഞം തുറമുഖം മുതൽ കണ്ണൂർ വിമാനത്താവളം വരെ എത്തി നിൽക്കുന്നു ആ പദ്ധതികൾ. ചില നാളുകൾക്കു മുമ്പ് ഒരു പത്രപ്രവർത്തകൻ തന്റെ യാത്രാ വിവരണത്തിൽ കേരളത്തെക്കുറിച്ച് ഇങ്ങനെ എഴുതി. "അടുത്ത ഇരുപത് വർഷത്തിനുള്ളിൽ കേരളം മുഴുവനും ചേർന്ന് ഒറ്റ പട്ടണമായി തീരും." അതിനു താൻ ചൂണ്ടിക്കാണിക്കുന്ന കാരണമിതാണ്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ടും, വിവര സാങ്കേതിക വിദ്യയുടെ വിപുലമായ ശൃംഖലയുടെ സാന്നിദ്ധ്യം കൊണ്ടും, ഈ മേഖലയിലെ മാനവശേഷികൊണ്ടും കേരളത്തിന്റെ വികസനം അതിവേഗം സംഭവിക്കും എന്നാണ്.

കേരള വികസനത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നത് എറണാകുളം ജില്ലയിലെ വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലും, സ്മാർട്ട്സിറ്റിയുമാണ്. ഭാവിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത്ഘടനയിൽ വലിയ കുതിച്ചു കയറ്റം നേടിതരാൻ പോകുന്ന ഈ പദ്ധതികളുടെ ചുവടുപിടിച്ചാണ് പല വികസന പ്രവർത്തനങ്ങളും മുന്നോട്ട് പോകുന്നത്. കൊച്ചിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗതയും വളർച്ചയും അത് നമ്മെ ബോദ്ധ്യപ്പെടുത്തും. അനുദിനം ഉയർന്നു വരുന്ന പാർപ്പിട സമുച്ചയങ്ങൾ, റോഡുകൾ, പാലങ്ങൾ, റെയിൽവേ......

ഏതു വികസനത്തിന്റെയും പുറകിൽ നിർമ്മാണ മേഖലയിൽ കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു ജനസഞ്ചയത്തെ കാണാം. ഇവിടെയുമുണ്ട് അതുപോലെ ഒരു ജനത. വിദ്യാഭ്യാസത്തിനും, ഉയർന്ന ജോലിക്കും മുൻതൂക്കം കൊടുക്കുകയും, നിർമ്മാണ തൊഴിലുകളെ പാടെ അവഗണിക്കുകയും ചെയ്യുന്ന മലയാളികളിൽ നിന്ന് നിർമ്മാണ തൊഴിലാളികളെ ലഭിക്കുന്നതെങ്ങനെയാണ്? പക്ഷെ കൊച്ചിയിൽ തൊഴിലാളികളെ സുലഭമായി ലഭിക്കും. മറുനാട്ടുകാരെ!

സൗകര്യങ്ങൾകൊണ്ട് സമ്പന്നമായ ഏതു വൻ നഗരത്തിനും മറ്റൊരു മുഖമുണ്ടാകും. മുംബൈയിലെ ധാരാവി പോലെ. അഴുക്കുചാലിന്റെ ഓരത്തും, മാലിന്യകൂമ്പാരങ്ങളുടെ ഇടയിലും കൂണുപോലെ നിർമ്മിച്ച കൂരയ്ക്കുള്ളിൽ താമസിക്കുന്നവർ. 'ചേരിനിവാസികൾ' എന്ന് ഇവർ അറിയപ്പെടുന്നു. എറണാകുളം ജില്ലയിലെ



*തൊഴിലും കാത്ത്* - *വാത്തുരുത്തിൽ നിന്ന്*

ഐലന്റിലെ വിമാനത്താവളത്തിനഭിമുഖമായുള്ള റെയിൽവേ പാതയോടു ചേർന്ന 'വാത്തുരുത്ത്' എന്ന ഒഴിഞ്ഞ പ്രദേശത്തായിരുന്നു. തൊഴിൽ സാധ്യത വർദ്ധിച്ചപ്പോൾ കോയമ്പത്തൂരിൽ നിന്നുള്ള തമിഴർ ഇവിടെയ്ക്ക് വരുവാൻ തുടങ്ങി. മുളകിന്റെ വിളവെടുപ്പുകാലം കഴിഞ്ഞുള്ള ആറുമാസത്തെ ഇടവേളയിലെ ഒരു വരുമാന മാർഗ്ഗമായി ഇവർ കണ്ടെത്തിയത് കൊച്ചിയിലെ നിർമ്മാണ മേഖലയായിരുന്നു.



*വളരുന്ന നഗരത്തിൽ മുളയ്ക്കുന്ന ചേരി*

ചേരിയുടെ ചരിത്രം വില്ലിംഗ്ടൺ ഐലന്റിലെ വാത്തുരുത്തിയിൽ ആരംഭിക്കുന്നു. നാൽപത് വർഷങ്ങൾക്കു മുമ്പ് കൊച്ചി കപ്പൽ നിർമ്മാണ ശാലയുടെ പ്രാരംഭഘട്ടത്തിൽ അതിന്റെ അനുബന്ധ ജോലികൾക്കായി തമിഴ്നാട്ടിൽ നിന്ന് ചിലർ വന്നു. അന്ന് മലയാളി ഒരു ദിവസം മൂന്നു രൂപ കൂലി വാങ്ങുമ്പോൾ തമിഴന് ഒരു രൂപയാണ് കൂലി. അരമുറുക്കിയുടുത്ത് കഠിനാദ്ധ്വാനം ചെയ്ത ഇവർ അന്തിയുറങ്ങിയത് വില്ലിംഗ്ടൺ

സാവധാനത്തിൽ വാത്തുരുത്ത് വളർന്നു. ചാക്ക് കൊണ്ട് മറച്ച് ഓലമേഞ്ഞിരുന്ന കൊച്ചു കൂരകളുടെ സ്ഥാനത്ത് ചെറിയ വീടുകൾ പ്രത്യക്ഷപ്പെട്ടു. പിന്നീട് അതിലും പുരോഗതിയുണ്ടായി. സർക്കാരിന്റെ പ്രത്യേക പരിഗണനയിൽ വൈദ്യുതി, വെള്ളം എന്നിവ ലഭിച്ചു. ഇന്ന് 450-ഓളം വരുന്ന കുടുംബങ്ങളടക്കം അയ്യായിരത്തിലധികം പേർ എട്ട് ഏക്കർ വിസ്തൃതിയുള്ള വാത്തുരുത്തിയിൽ താമസിക്കുന്നു. കൊച്ചിയിലെ തമിഴ്നാടെന്നാണ് ഈ ചേരിയെ വിശേഷിപ്പിക്കുന്നത്. വൈകുന്നേരങ്ങളിൽ ഇവിടുത്തെ കൊച്ചു തെരുവിൽ നിന്നാൽ തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ നിൽക്കുന്നതുപോലെ തോന്നും. ജോലി സാധ്യത വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ ആളുകൾ തമിഴ്നാട്ടിൽ നിന്ന് വന്നുകൊണ്ടിരുന്നു. വാത്തുരുത്തിയിൽ താങ്ങാവുന്നതിനെക്കാൾ കൂടുതൽ പേർ വന്നപ്പോൾ പുതുതായി വന്നവരുടെ പാർപ്പിട മേഖല തേവരയിലേക്കും പിന്നീട് പട്ടണത്തിന്റെ വിവിധ സ്ഥലങ്ങളിലേക്കും വ്യാപിച്ചു. വാത്തുരുത്തിയുടെ അത്രയില്ലയെങ്കിലും ഇന്ന് പതിനെട്ടിലധികം തമിഴ് കോളനികൾ കൊച്ചിയിലുണ്ട്.

നമ്മുടെ നാട്ടിലെ ഈ മറുനാട്ടിൽ സുവിശേഷ പ്രവർത്തനങ്ങളുടെ സാധ്യത ചില സഹോദരന്മാർ നേരത്തെ കണ്ടെത്തിയിരുന്നു. വളരെ സങ്കീർണ്ണമാണ് ഇവരുടെ ഇടയിലെ പ്രവർത്തനം. ഒന്ന് ഭാഷയുടെ പ്രശ്നം. മലയാളത്തിൽ അത്യാവശ്യ കാര്യങ്ങൾ ഇവർക്ക് മനസിലാകുമെങ്കിലും സുവിശേഷത്തിന്റെ അന്തസത്ത മലയാളത്തിൽ പറഞ്ഞാൽ ഇവർക്ക് മനസിലാകുകയില്ല. മറ്റൊന്ന് ഭൂരിഭാഗം പേർക്കും തമിഴ് എഴുതുവാനും, വായിക്കുവാനും അറിയില്ല എന്നതാണ്. അതുകൊണ്ടു തന്നെ തമിഴ്

*ശേഷം 3-ാം പേജിൽ*

## എൻ.എം.സി.സി. ഫോളോ അപ്പ് വിജയവാഡയിൽ

മിഷണറി ചലഞ്ച് കോൺഫറൻസിൽ പങ്കെടുത്തവർക്കുവേണ്ടിയുള്ള ഫോളോ അപ്പ് ക്യാമ്പ് 2008 ഒക്ടോബറിൽ ആന്ധ്രയിലെ വിജയവാഡയിൽ നടക്കുന്നു. ഡൽഹിയിൽ നടന്ന നാഷണൽ എം.സി.സി.യിലും ആന്ധ്രയിൽ നടന്ന എം.സി.സി.യിലും പങ്കെടുത്തവരെ പ്രതീക്ഷിക്കുന്നുണ്ട്. ഒക്ടോബർ 6 രാവിലെ മുതൽ 7 വൈകിട്ടു വരെ നടക്കുന്ന പ്രോഗ്രാമിൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദൈവദാസന്മാർ വചനം ശുശ്രൂഷിക്കും. വിജയവാഡ റെയിൽവേ സ്റ്റേഷനിൽ നിന്നും 4 കി. മീറ്റർ അകലെയുള്ള ലാവൻ ട്രിപ്പ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ക്യാമ്പിൽ താമസ സൗകര്യവുമുണ്ടായിരിക്കും. ഫോളോ അപ്പ് ക്യാമ്പിനു വേണ്ടി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കോ-ഓർഡിയേറ്റർ എ.ജി. ജേക്കബ് അഭ്യർത്ഥിച്ചിട്ടുണ്ട്.
A.G. Jacob, 63-3-58, Jawahar Nagar, Malkapuram P.O., Vishakhapatanam 530011, A.P. Tel:0891-2577972, 9440542858.

## ശിഷ്യത്വ പരിശീലന ക്യാമ്പ്

തിരുവല്ല ചുമത്ര ബ്രദ്റൻ സഭാ ഹാളിൽ നടന്ന ശിഷ്യത്വ പരിശീലന ക്യാമ്പിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ സമാപന സമ്മേളനത്തിൽ ഡോ. ബാബു വർഗീസ് നൽകി. പത്തു ദിവസത്തെ ഇൻസ്റ്റിറ്റ്യൂട്ടിൽ കർതൃദാസന്മാരായ എം.എം. സഖറിയ, ജോർജ് കോശി, ജോൺ കുര്യൻ, വർഗീസ് ജോൺ, മാത്യുപോൾ, ബാബു ജോൺ, ഏബ്രഹാം ജേക്കബ്, സ്റ്റാൻലി ജോൺസ്, തുടങ്ങിയവരും വിസിറ്റിംഗ് ഫാക്കൽറ്റി ആയി ഡോ. അലക്സ് മാത്യു, ഡോ. ജോർജ് സാമുവൽ തുടങ്ങിയവരും പങ്കെടുത്തു. അടുത്ത ബാച്ചിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്യാനുള്ള വിലാസം -
Paul Timothy Institute,
P.O. Box 4, Kuttappuzha,
Tiruvalla - 689103.
(Benjamin Joseph0469-2601532,
K. Thomas Mathew - 9447360417)



*ശിഷ്യത്വപരിശീലന ക്യാമ്പിൽ പങ്കെടുത്തവരും ക്ലാസ്സുകളെടുത്ത മാത്യൂ പോൾ, ബാബു വർഗീസ് എന്നിവരും*

## കോളേജ് സ്റ്റുഡൻസ് ക്യാമ്പ് - 2008
### തീയതികളിൽ മാറ്റം

സെപ്റ്റംബർ 6 മുതൽ 10വരെ നടത്താനിരുന്ന കോളേജ് സ്റ്റുഡൻസ് ക്യാമ്പ് അവധിയുടെ മാറ്റത്തെ തുടർന്ന് 9 വൈകിട്ട് മുതൽ 13 രാവിലെ വരെ നടത്തുവാൻ പ്രാർത്ഥനാപൂർവ്വം ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. റ്റി.എം.എം. നേഴ്സിംഗ് കോളേജ് ക്യാമ്പസിലാണ് ക്യാമ്പ് നടക്കുന്നത്. കോളജ്, പ്ലസ് ടു, പാരലൽ കോളജ്, ഹയർ സെക്കന്ററി, ഐ.ടി.ഐ, നേഴ്സിംഗ്, മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ആദ്യ ദിവസം മുതൽ മുഴുവൻ സമയവും പങ്കെടുക്കണം. ഉപരിപഠന സാദ്ധ്യതകളും കരിയർ തെരഞ്ഞെടുപ്പും, ക്യാമ്പസ്സിലെ സാക്ഷ്യജീവിതം, സമയ വിനിയോഗം, ഭാവി തീരുമാനങ്ങൾ, വിജയകരമായ ക്രിസ്തീയ ജീവിതം കൂടാതെ ആരാധന, സംഗീത അഭ്യാസനം, ചർച്ചകൾ, ഗെയിംസ്, ചോദ്യോത്തരങ്ങൾ, കരിയർ ഗൈഡൻസ് ബൂത്തുകൾ എന്നിവയും... ഭക്ഷണം, താമസം എന്നിവയ്ക്ക് 450 രൂപയോളം ചിലവുവരും. അത്രയും തുക ദൈവം നിങ്ങൾക്ക് തന്നിട്ടുണ്ടെങ്കിൽ ഫെയ്ത്ത് ബോക്സിൽ ഇടുക. ഇല്ലെങ്കിൽ അവരവരുടെ പ്രാപ്തി അനുസരിച്ച്. കർത്താവ് പ്രേരണ നൽകുന്ന വ്യക്തികൾക്കും സഭകൾക്കും കൂട്ടായ്മ കാണിക്കാൻ അവസരമുണ്ട്. വിലാസം - Robert Thomas, Ebenezer, Rubber Board PO, Kottayam - 686 009.

തിരുവല്ല പായിപ്പാട് കവിയൂർ റൂട്ടിൽ ആഞ്ഞിലിത്താനത്താണ് ക്യാമ്പ് സെന്റർ. സെപ്തംമ്പർ 9ന് വൈകിട്ട് 3 മുതൽ തിരുവല്ല റെയിൽവേസ്റ്റേഷനിലും, കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സ് സ്റ്റാന്റുകളിലും ബാഡ്ജ് ധരിച്ച് വോളന്റിയേഴ്സ് കാത്തുനിൽക്കും. രജിസ്റ്റർ ചെയ്യുന്നതിന് പേര്, വിലാസം, പിൻകോഡ്, ഫോൺ, രക്ഷകർത്താവിന്റെ പേര്, സഭ, പഠിക്കുന്ന സ്ഥാപനം, കോഴ്സ് ഇവ എഴുതി ഒപ്പിട്ട് ക്യാമ്പ് നിബന്ധനകൾ അനുസരിക്കുന്നതാണ് എന്ന ഉറപ്പോടെ കാർഡിലോ ഇൻലന്റിലോ അയക്കുകയോ ഫോണിൽ അറിയിക്കുകയോ ചെയ്യുക. സെപ്റ്റംബർ 5ന് മുൻപ് രജിസ്റ്റർ ചെയ്യണം. വിലാസം CSC, PO Box No. 4, Kuttapuzha, Thiruvalla - 689 103. (Tel : 0469 2601532)

## പ്രയർ കോൺഫറൻസ് '08

ചത്തീസ്ഗഡ്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സാ, ജാർഖണ്ട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്കുവേണ്ടിയുള്ള പ്രയർ കോൺഫറൻസ് നവംബർ 10 മുതൽ 14 വരെ ഭിലായിൽ വച്ച് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. പ്രധാനമായും ചത്തീസ്ഗഡിലും ചുറ്റുപാടുമുള്ള സംസ്ഥാനങ്ങളിലെ സമർപ്പണമുള്ള വിശ്വാസികളെയാണ് പ്രതീക്ഷിക്കുന്നത്. സഹോ. മാത്യുപോൾ, ജോൺ കുര്യൻ, കെ. തോമസ് മാത്യു തുടങ്ങി പല ദൈവദാസന്മാർ വചനം ശുശ്രൂഷിക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഷാലു റ്റി. നൈനാൻ - 09425551713, ജെയിംസ് സാമുവൽ - 09424091668 എന്നിവരുമായി ബന്ധപ്പെടുക.

# ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? ‘ആത്മീയൻ’ എന്നൊരു വാക്ക് വീണ്ടും വീണ്ടും ഉപയോഗിക്കാറുണ്ടല്ലോ? അതിനെപ്പറ്റി ഒരു വിശദീകരണം തരാമോ? ആരെയാണ് ആത്മീയർ എന്ന് ഉദ്ദേശിക്കുന്നത്?**

● ദൈവാത്മാവിന്റെ നിയന്ത്രണത്തിനു കീഴ്പ്പെട്ട് തന്റെ ജീവിതത്തിലെ എല്ലാ തലങ്ങളെയും ദൈവഹിത പ്രകാരം അടക്കി ദൈവം തന്നിരിക്കുന്ന വെളിച്ചം അനുസരിച്ച് മുന്നോട്ടുപോകാൻ യത്നിക്കുന്ന ഒരുവനാണ് ആത്മീയൻ. മറ്റൊരുനിലയിൽ പറഞ്ഞാൽ, ആത്മാവിനാൽ നിറഞ്ഞ ഒരു ജീവിതം നയിക്കുവാൻ ദൈവകല്പനകളെ പൂർണ്ണമായും അനുസരിക്കുവാനും ക്രിസ്തുവിന്റെ സ്വഭാവത്തോട് ദിനംതോറും അനുരൂപപ്പെട്ട് ജീവിക്കുവാനും ഉത്സാഹിക്കുന്നവനായിരിക്കും യഥാർത്ഥ ആത്മീയൻ. യേശുക്രിസ്തുവിന്റെ കർത്തൃത്വത്തെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അംഗീകരിച്ചുകൊണ്ട് അനുദിനം ജീവിക്കുന്ന ഒരുവൻ.

നന്നായി ജീവിക്കണമെന്ന് താല്പര്യമുണ്ടെങ്കിലും നിവർത്തിയില്ലാത്ത സാഹചര്യങ്ങളിൽ ചില ചെറിയ തെറ്റുകൾ ചെയ്യുന്നതു കൊണ്ട് കുഴപ്പമില്ല എന്നു ചിന്തിക്കുന്നവരുണ്ട്. ഉദാഹരണമായി ഒരു സർക്കാർ ഓഫീസിൽ നിന്ന് ചില കാര്യങ്ങൾ സാധിച്ചു കിട്ടണം. കൈക്കൂലി കൊടുക്കാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതു ചെയ്തു തരികയില്ല. ആ പരിതസ്ഥിതിയിൽ നിവർത്തിയില്ലാതെ അല്പം കൈക്കൂലി കൊടുക്കാം എന്ന് ചിന്തിക്കുന്നവർ.

ഒരു വിശ്വാസിയെ സംബന്ധിച്ച് പാപം ചെയ്തേ തീരൂ എന്ന ഒരു അവസ്ഥ അതായത് നിവർത്തിയില്ലാത്ത ഒരവസ്ഥ ഒരിക്കലും ഇല്ല. നമുക്കാവശ്യമായ ഒരു കാര്യമാണ് സാധിച്ചു കിട്ടാനുള്ളതെങ്കിൽ കൈക്കൂലി കൊടുക്കാതെ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഹൃദയങ്ങളെ നിയന്ത്രിച്ച് നമുക്കനുകൂലമായി ആ കാര്യം ചെയ്യിച്ചു തരുവാൻ കർത്താവിനു കഴിയും. എന്നാൽ അതു സാധിക്കാതെ വന്നാൽത്തന്നെ അതു നിമിത്തമുള്ള ബുദ്ധിമുട്ടുകൾ സഹിക്കാൻ തയ്യാറുള്ള ഒരു ജീവിതമാണ് ക്രിസ്തീയ ജീവിതം. നാം ദൈവഹിതമനുസരിച്ച് ജീവിക്കുന്നവരാണെങ്കിൽ നമുക്കാവശ്യമായതെല്ലാം കർത്താവ് ചെയ്തുതരും. അതിനായി നാം അവനെ വിശ്വസിക്കണം. ‘വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും’ എന്നാണല്ലോ വചനം. ഇത് വളഞ്ഞ വഴിയിലല്ലാതെ സാധിക്കുകയില്ല എന്നു നിരൂപിച്ച് വളഞ്ഞ വഴി സ്വീകരിക്കുന്നു എന്നതാണ് നമ്മുടെ പ്രശ്നം. തന്നിൽ ആശ്രയിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്ന് കാണിക്കേണ്ടതിന് ദൈവത്തിന്റെ കണ്ണ് ഭൂമിയിൽ എല്ലായിടത്തും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന് ദൈവവചനം പറയുന്നുണ്ടല്ലോ.

ഇങ്ങനെ ചിലർ മാത്രം ആത്മീയ നില പാലിച്ചു ജീവിക്കുന്നതിനാൽ എന്തു പ്രയോജനം എന്ന ചോദ്യവും അപ്പോഴുണ്ടാകാം. ‘വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ആയിരിക്കണ’മെന്നാണ് ഫിലി. 2:14–ൽ നാം കാണുന്നത്. ലോകത്തിൽ ബാക്കിയുള്ളവർ വക്രത കാട്ടുന്നതുകൊണ്ട് നിങ്ങളും അല്പം കാട്ടിക്കൊള്ളാനല്ല ഇവിടെ പറയുന്നത്. മറ്റു വിശ്വാസികൾ എന്തു ചെയ്യുന്നു എന്നതും നമുക്ക് വിഷയമല്ല. ഓരോരുത്തന്റെ ആത്മീയപരിജ്ഞാനവും വളർച്ചയും അനുസരിച്ചല്ലേ ഓരോരുത്തർ പെരുമാറുകയുള്ളു. നമ്മുടെ ചുമതല നേരിട്ടു ദൈവത്തോടാണ്. ജീവിതത്തിന്റെ വിശ്വസ്തതയും വിശുദ്ധിയും തൂക്കിനോക്കുന്നവൻ ദൈവമാണ്. അതിനാൽ ദൈവമുമ്പാകെ ഞാൻ ശരിയാണോ എന്നതാണ് പ്രധാന ചോദ്യം. എന്റെ ജീവിതത്തിന്റെ കണക്ക് ഒരുനാൾ ദൈവത്തിനു കൊടുക്കേണ്ടിവരുമ്പോൾ ബാക്കിയുള്ളവർ ഇങ്ങനെ ചെയ്തതുകൊണ്ട് ഞാനും ഇങ്ങനെ ചെയ്തു എന്ന് പറയാനാവില്ല. എനിക്ക് കിട്ടിയ വെളിച്ചം ഞാൻ അനുസരിച്ചോ എന്നതാണ് വിഷയം. നാം കുറച്ചുപേർ വ്യത്യസ്തരായിരുന്നതുകൊണ്ട് ലോകഗതി മാറ്റാൻ നമുക്ക് കഴിയുകയില്ല. എന്നാൽ ദൈവത്തോടു നമുക്ക് വിശ്വസ്തത പുലർത്തുവാൻ കഴിയും. മറ്റുള്ളവർ അതുകണ്ട് ആകർഷിക്കപ്പെടും. ഒരു വലിയ ബിസിനസ്സുകാരൻ വിശ്വാസി തെറ്റായ ചില മാർഗ്ഗങ്ങൾ അവലംബിക്കുവാൻ നിരസിച്ചത് നിമിത്തം ആ കമ്പനിയിലെ ഒരു ഉദ്യോഗസ്ഥൻ കർത്താവിനെ സ്വീകരിച്ച കാര്യം എനിക്കറിയാം.

ഇങ്ങനെ കർശനമായ ഒരു നിലപാട് നാം സ്വീകരിച്ചാൽ ജീവിക്കാൻതന്നെ പ്രയാസമായി വരികില്ലേ എന്ന ചോദ്യത്തിന് ഒരു ആത്മീയനെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നതല്ല ഏറ്റവും വലിയ കാര്യം. ജീവിക്കുന്നിടത്തോളം ശരിയായി ജീവിക്കുക എന്നതാണ്. എങ്ങനെയെങ്കിലും ഈ ഭൂമിയിൽ വളരെനാൾ ജീവിക്കണമെന്നാരു പറഞ്ഞു? ശരിയായി ജീവിക്കാൻ കഴിയുന്നത്ര ജീവിച്ചാൽ മതി എന്നായിരിക്കണം ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ നിലപാട്. നമ്മുടെ കർത്താവിനെ പിശാച് മരുഭൂമിയിൽ പരീക്ഷിച്ചപ്പോഴും ആദ്യപരീക്ഷയിൽ പിശാച് പറഞ്ഞ കാര്യത്തിലെ അർത്ഥം ഏകദേശം ഇതാണ്. ‘നീ 40 ദിവസമായിട്ട് ആഹാരം കഴിച്ചിട്ടില്ല. ഇങ്ങനെയിരുന്നാൽ നീ എങ്ങനെ ജീവിക്കും? ജീവിക്കണമെങ്കിൽ കല്ല് അപ്പമായി മാറ്റി ഭക്ഷിച്ചേ സാധിക്കുകയുള്ളൂ’. എന്നാൽ കർത്താവെടുത്ത നിലപാട്, ‘പിതാവിന്റെ ഹിതത്തിൽപ്പെട്ട കാര്യങ്ങൾമാത്രം ചെയ്യുക എന്നതാണ് എനിക്കേറ്റവും പ്രധാനം. അല്ലാതെ എങ്ങനെയെങ്കിലും വിശപ്പടക്കുക എന്നുള്ളതല്ല’ എന്നതായിരുന്നു. ഇതായിരിക്കണം നമ്മുടെയും നിലപാട്. കർത്താവിനെ ഈ കാര്യത്തിലും പിൻതുടരേണ്ടവരാണ് നാം. നാം പ്രാണത്യാഗത്തോളം പാപത്തോട് എതിർത്തു നിൽക്കേണ്ടവരാണ്. ഈ നിർബന്ധം നമുക്കുണ്ടെങ്കിൽ നാം ജീവിക്കാൻ, ദൈവം ഉദ്ദേശിക്കന്ന കാലമത്രെയും ജീവിക്കുവാൻ ആവശ്യമായ സകല കൃപയും ദൈവം നമുക്കു നല്കും. ഇതിൽ കുറഞ്ഞ ഒരു നിലവാരം വിശ്വാസികളായ നമുക്കുണ്ടായിരിക്കാൻ പാടില്ല.

നെബുഖദ്നേസർ രാജാവ് ഉണ്ടാക്കിയ ബിംബത്തെ വീണു നമസ്ക്കരിക്കണമെന്ന് രാജാവ് കല്പന പുറപ്പെടുവിച്ച സമയത്ത് ശദ്രക്ക്, മേശക്ക്, അബേദ്–നെഗോ എന്നീ ഭക്തരായ പുരുഷന്മാർ പറഞ്ഞത് ദാനിയേൽ 3 : 17, 18 വാക്യങ്ങളിൽ പറയുന്നത് നോക്കുക. “ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിക്കുവാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കൈയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും (അതായത് മരിക്കേണ്ടി വന്നാലും എന്നർത്ഥം) ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കുകയില്ല. രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കുകയുമില്ല എന്ന് അറിഞ്ഞാലും” ഇതായിരിക്കണം നമ്മുടെ നിലപാട്.

**–ജോൺ കുര്യൻ, കോട്ടയം**

# അടുത്ത തലമുറയെ നശിപ്പിക്കരുതേ

ഇന്നത്തെ കുട്ടികൾ അഥവാ യുവജനങ്ങൾ നാളത്തെ പൗരന്മാരാണ് എന്നു പറയാറുണ്ടല്ലോ. നമ്മുടെ കർത്താവു തന്നെ കുഞ്ഞുങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്. യേശുകർത്താവ് തൊടേണ്ടതിനായി ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ ശിഷ്യന്മാർ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു എന്നാണ് മർക്കോസ് 10:13,14ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബാല്യത്തിൽ തന്നെ യേശു ‘തൊടേണ്ടതിനായി’ മാതാപിതാക്കൾ മാത്രമല്ല സഭയിലെ ചുമതലപ്പെട്ടവരും പ്രാർത്ഥനാപൂർവ്വം വേണ്ടതു ചെയ്യണം. അനവധി പ്രവർത്തനങ്ങൾ നമ്മുടെ മദ്ധ്യത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി ഉണ്ട് എന്നുള്ളത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കാം. ആത്മീകലക്ഷ്യത്തോടെയുള്ള ഏതൊരു പ്രവർത്തനത്തെയും പ്രോത്സാഹിപ്പിക്കുവാൻ സ്ഥലം സഭയുടെ സ്വാതന്ത്ര്യം എടുത്തു പറയുന്ന വേർപെട്ട ദൈവജനം മുൻകൈ എടുക്കേണ്ടതാണ്.

എന്നാൽ വ്യക്തിപരമായ ജീവിതത്തിലെ മാതൃകയില്ലായ്മയും തങ്ങൾക്കു വേണ്ടത്ര പങ്കാളിത്തം അഥവാ റോൾ ലഭിക്കുന്നില്ല എന്ന ഏക കാരണത്താൽ ഉണ്ടാക്കുന്ന എതിർപ്പും വരും തലമുറയെ എങ്ങനെ ബാധിക്കും എന്നത് ഗൗരവ്വപൂർവ്വം നാം ചിന്തിക്കണം. സഭയിലെ വഴക്കുകളും അഭിപ്രായ വ്യത്യാസങ്ങളും പൊതു സഭയിൽ പറയുകയും വായിക്കുകയും ഒക്കെ ചെയ്യുന്നത് നമ്മുടെ ‘മക്കൾ’ എപ്രകാരമാണ് വീക്ഷിക്കുന്നത് എന്നു ചിന്തിക്കാറുണ്ടോ. ഒരു മലേഷ്യൻ പഴഞ്ചൊല്ലിൽ ഇപ്രകാരം പറയുന്നു. “ഞണ്ട് തന്റെ കുഞ്ഞുങ്ങളോട് നേരെ നടക്കൂ നേരെ നടക്കൂ എന്നു പറയാറുണ്ട്”. പക്ഷെ ഞണ്ട് ഒരിക്കലും നേരെ നടക്കാറില്ല. ചെറുപ്പം മുതൽ സഭയുടെ മീറ്റിംഗുകളിൽ സംബന്ധിക്കുന്ന നമ്മുടെ അടുത്ത തലമുറയ്ക്ക നല്ല ഉപദേശവും കാഴ്ചപ്പാടും ലഭിച്ച ഈ കൂട്ടത്തോട് വെറുപ്പ് തോന്നിക്കുന്ന നിലയിൽ നാം പ്രവർത്തിക്കാറുണ്ടോ? കുട്ടികളുടെയും യുവജനങ്ങളുടെയും നന്മയ്ക്കുവേണ്ടി മാത്രം ചെയ്യുന്ന പ്രവർത്തനങ്ങൾ മൂലം അവർക്ക് ജീവിത രൂപാന്തരം ഉണ്ടാവുകയും ദൈവഭക്തിയോടുകൂടി ജീവിക്കാൻ തീരുമാനിക്കയും ചെയ്യുന്നു. പക്ഷെ സഭകളിൽ ചില പ്രിയപ്പെട്ടവരുടെ പെരുമാറ്റം കാണുമ്പോൾ അവർക്ക് ചിന്താക്കുഴപ്പം ഉണ്ടാകുന്നു. ഈ നിലയിൽ മുമ്പോട്ടു പോയാൽ യൂറോപ്യൻ രാജ്യങ്ങളിൽ വേർപെട്ട ദൈവമക്കൾ എന്നു വിളിക്കപ്പെടുന്ന കൂട്ടത്തിനു സംഭവിച്ചത് ഇവിടെയും ആവർത്തിച്ചേക്കാം. അതായത് യുവജനങ്ങൾ തങ്ങളുടെ മാതാപിതാക്കൾ നിൽക്കുന്ന സഭകൾ വിട്ടുപോകുന്ന ദുഃസ്ഥിതി. കുട്ടികളെയും യുവജനങ്ങളെയും സ്നേഹിക്കുകയും അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യുക എന്നതാണ് സ്വാഭാവികമായി നാം ചെയ്യേണ്ട കടമ. അതിനു പകരം നിരുത്സാഹപ്പെടുത്തിയാൽ ഒരു തലമുറയെ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകും. ഈ രണ്ടു മൂന്നു ദശവർഷങ്ങളിൽ സംഭവിച്ച കാര്യമാണിത്. നിസ്സാരമായ അഭിപ്രായ വ്യത്യാസങ്ങൾ മൂലം ഉണ്ടാകുന്ന വഴക്കും മാതൃകയില്ലായ്മയും മൂലം ഉപദേശം ശരിയോ എന്നു നോക്കാതെ നമ്മുടെ യുവതലമുറയിൽ പെട്ട പലരും പ്രത്യേകിച്ച് പഠിക്കാനും ജോലിക്കുമായി നാടുവിട്ടവർ അനവധി മറ്റ് കൂട്ടങ്ങളിൽ ചേക്കേറി. ആ ഒഴുക്കു തടഞ്ഞു നിർത്തിയത് കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി ആത്മാർത്ഥമായി ചെയ്യുന്ന ചില ശുശ്രൂഷകൾ മുഖാന്തരമാണ്. ഇത് യുവതലമുറയോടു തന്നെ ചോദിച്ചാൽ അവർ ഇക്കാര്യം സമ്മതിക്കും. കർത്തൃദാസൻ എം.പി. ജോൺസാർ പറയാറുള്ള ഒരു ഉദാഹരണം ഓർമ്മയിൽ വരുന്നു. ഞായറാഴ്ച രാവിലെ സണ്ടേസ്കൂളിൽ വരാത്ത ജോണിയെ തിരക്കി ടീച്ചർ പുറപ്പെടുന്നു. വഴിയിൽ തോട്ടിന്നരികെ ഇരുന്നു ജോണി മീൻപിടിക്കുന്നു. “എന്താ മോനെ നീ വരാഞ്ഞത്? നിന്റെ അപ്പച്ചനെ കണ്ടു ഞാൻ പറയും ഇത്” എന്നു പറഞ്ഞപ്പോൾ ജോണിയുടെ മറുപടി. “ആ... ചെല്ല് അപ്പച്ചൻ അടുത്ത വളവിൽ ഇരുന്ന് മീൻപിടിക്കുന്നുണ്ട്” നാം ശരിയാകാതെ അടുത്ത തലമുറ എങ്ങനെ മാതൃകയുള്ളവരാകും. ഒരു മടങ്ങിവരവിനു സമയം അതിക്രമിച്ചു കഴിഞ്ഞു. വേർപെട്ട ദൈവജനം കണ്ണുനീരോടെ ദൈവമുഖത്തേക്കു നോക്കുകയും തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും സഭകളിൽ അടുത്ത തലമുറയ്ക്കു മാതൃകയാവുകയും ചെയ്യുന്നില്ലെങ്കിൽ ഭാവിതലമുറയെ നശിപ്പിക്കുന്നതിനു തുല്യമാകും അത്. അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

*— എഡിറ്റർ ഇൻ ചാർജ്ജ്.*

## ചിൽഡ്രൻസ് ക്ലബ്ബ്



# 5–ാമത്തെ കുരികിൽ

**ചെ**റുപ്പത്തിലെ അനാഥനായ ഒരു ബാലനായിരുന്നു സിനോജ്. അവന്റെ ഒരു ബന്ധുവീട്ടിലായിരുന്നു താമസിച്ചിരുന്നത്. പത്രം വിതരണം ചെയ്തും ചെറിയ ജോലികൾ ചെയ്തും ജീവിച്ചിരുന്ന അവന്റെ മുഖത്ത് സന്തോഷവും ജോലിയിൽ വലിയ ഉത്സാഹവുമുണ്ടായിരുന്നു. ഇതുകണ്ട് ഒരു ദിവസം അവൻ പാർട്ട്ടൈം ജോലി ചെയ്തിരുന്ന ഓഫീസിലെ ഉദ്യോഗസ്ഥൻ ചോദിച്ചു. എന്താണ് നിനക്ക് ഇത്ര സന്തോഷം? അവൻ പറഞ്ഞു ‘‘സാറേ അഞ്ചാമത്തെ കുരികിൽ കാരണമാണ്. അതാണ് എനിക്കു വ്യത്യാസം വരാൻ കാരണമായത്’’ അതെന്താണ്? അദ്ദേഹം ചോദിച്ചു. അവൻ തന്റെ കഥ പറഞ്ഞു. ഞാൻ വളരെ നിരാശനായിരുന്നു. എനിക്കാരുമില്ല എന്നെ കരുതുവാൻ ഒരുത്തരുമില്ല എന്നു ചിന്തിച്ചിരുന്നു, എന്റെ ചെറിയ ജോലികൾ നിമിത്തം കിട്ടുന്ന തുകയിൽ നല്ലൊരു ഭാഗം ഞാൻ താമസിക്കുന്ന വീട്ടിൽ കൊടുക്കണം. ഞാൻ വളരെ വിഷമിച്ചിരിക്കുന്ന ഒരു ദിവസം ഒരു മിഷനറി എനിക്കൊരു പുസ്തകം തന്നു. ഏതായാലും വായിച്ചേക്കാം എന്നു കരുതി. അങ്ങനെ വായിച്ചപ്പോൾ അതിൽ ഒരു കാശിനു രണ്ടു കുരികിലിനെ വിൽക്കുന്ന കാര്യം എഴുതിയിരുന്നു. പിന്നെയും വായിച്ചു ചെന്നപ്പോൾ രണ്ടു കാശിന് 5 കുരികിലിനെ വിൽക്കുന്നു എന്നെഴുതിയിരിക്കുന്നു. അതായത് ഒരെണ്ണം സൗജന്യം. അതിനു വിലയില്ല. പക്ഷെ എന്നെ അതിശയിപ്പിച്ച കാര്യം, ആ നിസ്സാരമായ കുരികിലിനെ മറക്കാത്ത ഒരു ദൈവമുണ്ടെന്നതാണ്. അങ്ങനെയെങ്കിൽ ഞാൻ അതിനേക്കാൾ സ്പെഷ്യലാണല്ലോ. എന്നെ ദൈവം എത്ര കരുതുന്നു. സാറേ ആ ദൈവം എന്റെ പിതാവായി തീർന്നു. എങ്ങനെയെന്നോ, യേശുകർത്താവിനെ എന്റെ ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ, അങ്ങനെ ആ 5–ാമത്തെ കുരികിലാണ് എനിക്കു വ്യത്യാസം വരാൻ കാരണം. ആ പുസ്തകം മറ്റൊന്നുമല്ല ബൈബിളാണ്. മത്തായി 10:29–32 വരെയും ലൂക്കോസ് 12:6,7 വായിച്ചാൽ സാറിനിതു മനസ്സിലാകും. സിനോജ് പറഞ്ഞു നിർത്തി.






പ്രിയ കൂട്ടുകാരെ നിങ്ങൾ എങ്ങനെയാണ്. ആരും സ്നേഹിക്കുന്നില്ല, കരുതുന്നില്ല എന്നൊക്കെ ചിന്തിച്ചു നിരാശപ്പെടുകയും വിചാരപ്പെടുകയും ചെയ്യാറുണ്ടോ? എങ്കിൽ മുകളിൽ പറഞ്ഞ ബൈബിൾ വാക്യങ്ങൾ ധ്യാനിച്ചു നോക്കുക. 5–ാമത്തെ കുരികിൽ കാരണം നിങ്ങൾക്കും വ്യത്യാസം വരും.

**കാണാതെ പഠിക്കുക –**

*ലൂക്കോസ് 12 : 6,7.*

രണ്ട് കാശിന് അഞ്ചു കുരികിലിനെ വിൽക്കുന്നില്ലയോ? അവയിൽ ഒന്നിനെ പോലും ദൈവം മറന്നു പോകുന്നില്ല. നിങ്ങളുടെ തലയിലെ മുടിപോലും എല്ലാം എണ്ണിയിരിക്കുന്നു; ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരികിലിനെക്കാളും നിങ്ങൾ വിശേഷതയുള്ളവർ.

*ലൂക്കോസ് 12 : 6,7.*

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),
ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),
ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്വേലി).
എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ – തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പബ്ലിഷർ – ടെൻസൻ ജോസഫ്.

ആരോഗ്യ രംഗം

# അർബുദ പ്രതിരോധം സ്ത്രീകളിൽ

**ചില യാഥാർത്ഥ്യങ്ങൾ**

1. കേരളത്തിലെ സ്ത്രീകളിൽ ഏറ്റവും കൂടുതലായി അർബുദം കാണുന്നത് സ്തനങ്ങളിലാണ്.
2. അടുത്ത ഊഴം ഗർഭാശയമുഖ കാൻസറാണ്.
3. ആരംഭത്തിൽ കണ്ടുപിടിച്ചാൽ അസുഖം പൂർണ്ണമായി സുഖപ്പെടുത്താവുന്നതാണ്, ചെലവും ചുരുങ്ങിയിരിക്കും.
4. പ്രായം കൂടുന്തോറും അർബുദ രോഗത്തിനുള്ള സാധ്യതയും വർദ്ധിക്കും.
5. സ്വന്തം സഹോദരിക്കോ അമ്മയ്ക്കോ അടുത്ത രക്തബന്ധമുള്ളവർക്കോ കാൻസർ ബാധ ഉണ്ടായിട്ടുണ്ടെങ്കിൽ രോഗം വരാനുള്ള സാധ്യത കൂടുതലാണ്.
6. സ്തനങ്ങളിൽ പലതരത്തിലുള്ള മുഴകൾ സാധാരണയാണ്. അവയിൽ 90%വും കാൻസർ ആയിരിക്കയില്ല.
7. ഗർഭാശയത്തിലുള്ള എല്ലാ മുഴകളും കാൻസർ അല്ല. അണ്ഡാശയ മുഴകൾ യാതൊരു അസുഖവും ഇല്ലാതെ തന്നെ ശരീരത്തിൽ വളരാം.

**ഗർഭാശയ കാൻസർ നേരത്തെ കണ്ടുപിടിക്കാൻ**

35 വയസ്സിനു മുകളിലാണ് ഗർഭാശയ മുഖത്തുള്ള അർബുദം (Cancer Cervix) ഇപ്പോൾ കണ്ടുവരുന്നത്. വിവാഹം കഴിക്കാത്തവരിലും കുട്ടികൾ ഇല്ലാത്തവരിലും ഗർഭാശയാർബുദ (Cancer endometrium)ത്തിനാണ് സാധ്യത കൂടുതൽ. അണ്ഡാശയ കാൻസർ എല്ലാ പ്രായത്തിലും കാണാമെങ്കിലും ആർത്തവ വിരാമത്തിനു ശേഷം സാധ്യത കൂടുതലാണ്.

വളരെ വലുപ്പമുള്ള മുഴകൾ ശാരീരിക രോഗങ്ങളോ അസാധാരണ രക്തസ്രാവമോ ഒന്നും ഇല്ലെങ്കിലും ഇവ നീക്കം ചെയ്യാതിരുന്നാൽ കാൻസറായി തീരാൻ സാധ്യതയുണ്ട്. മുഴകൾ എന്തായിരുന്നാലും നിരീക്ഷണത്തിലിരിക്കണം.

ആർത്തവ വിരാമത്തിനു ശേഷം ഫൈബ്രോയ്ഡ് മുഴകൾ ചുരുങ്ങി പോകാൻ സാധ്യതയുണ്ട്. 35 വയസ്സിനു മുകളിലുള്ള സ്ത്രീകൾ ആണ്ടിലൊരിക്കൽ പാപ്പസ്മിയർ (Pap smer test) ടെസ്റ്റും വേണ്ടിവന്നാൽ ശാരീരിക പരിശോധനയും നടത്തണം. അൾട്രാ സൗണ്ട് സ്കാൻ മുഴകളെ കണ്ടുപിടിക്കാനും തുടർന്നുള്ള നിരീക്ഷണത്തിനും സഹായിക്കും.

അസാധാരണ രക്തസ്രാവം ഉപേക്ഷയായ് വിചാരിക്കാതെ പരിശോധനയ്ക്കു വിധേയമാക്കണം. ഇടവിട്ടുള്ള രക്തസ്രാവം ശാരീരിക ബന്ധത്തിനുശേഷമുള്ള രക്തസ്രാവം, കൂടെ കൂടെയുള്ള ആർത്തവം, വെള്ളപോക്ക്, അടിവയറിന് ഭാരം തോന്നുക മുതലായവ ഗർഭാശയ കാൻസറിന് മുന്നോടിയായ് കാണപ്പെടാം. ഗർഭാശയ കാൻസർ ഒഴിവാക്കുവാൻ വിദഗ്ദ്ധമായ ഉപദേശം തേടുക.

*ഡോ. സിസിലി തോമസ്,*
തിരുവനന്തപുരം

YOUTH GUIDE

# ശരിയായി പ്രതിഫലിപ്പിക്കുക

ദൈവം നേരിട്ട് ഇടപ്പെട്ടാണ് യിസ്രായേൽ ജനത്തെ മോശെയുടെ നേതൃത്വത്തിൽ മിസ്രയീമിൽ നിന്ന് വിടുവിക്കുന്നത്. എന്നാൽ മോശെ, ദൈവം തന്നോട് പറയാതെ ഒരു കാര്യം പ്രവർത്തിച്ചു. മിസ്രയീമ്യനായ ഒരുവനെ അടിച്ചു കൊന്ന് മണലിൽ മറവു ചെയ്തു. തന്നിൽ നിക്ഷിപ്തമല്ലാത്ത ഇക്കാര്യം ചെയ്തതു കൊണ്ട് മോശെക്ക് തന്റെ ജീവിതത്തിൽ വളരെ സങ്കീർണ്ണതകൾ അനുഭവിക്കേണ്ടിവന്നു. എബ്രായനാണെങ്കിലും ദൈവം ഒരുക്കിയ വഴിയിലൂടെ ഫറവോന്റെ രാജധാനിയിൽ വളർത്തപ്പെട്ടവനാണ് മോശെ. ആരോഗ്യമുള്ളവനും സുന്ദരനുമായിരുന്ന മോശെ ഈജിപ്ത് നഗരങ്ങൾ നിർമ്മിക്കുവാൻ നിയമിക്കപ്പെട്ട ആളുമായിരുന്നെന്ന് ചരിത്രകാരന്മാർ വിശ്വസിക്കുന്നു. ഒരു പക്ഷെ തന്റെ കഴിവിലും അധികാരത്തിലും ഉള്ള അമിതവിശ്വാസം കൊണ്ടായിരിക്കാം മിസ്രയീമ്യനെ കൊന്നത്. എന്നാൽ അത് തന്നെക്കുറിച്ച് ദൈവത്തിനുള്ള പദ്ധതിയായിരുന്നില്ല. താൻ ഒരിക്കലും അങ്ങനെ ഒന്ന് പ്രതിഫലിപ്പിക്കുവാൻ പാടില്ലായിരുന്നു.

വർഷങ്ങൾക്കു ശേഷം ഹോരേബിൽ ദൈവം മോശെക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ മോശെയുടെ പ്രതികരണം വളരെ വിചിത്രമായിരുന്നു. ദൈവം ഒരു കാര്യം തന്നെ ഏൽപ്പിച്ചപ്പോൾ എനിക്ക് അതിനു സാധിക്കുകയില്ല, ഞാൻ വിക്കുള്ളവനാണെന്ന് ദൈവത്തോടു പറഞ്ഞു. തന്നിൽ നിക്ഷിപ്തമായ കാര്യത്തെ അവഗണിക്കുന്ന സ്ഥിതി. ഇങ്ങനെ വിചിത്രമായ രണ്ട് ഭാവങ്ങളാണ് മോശെ തന്റെ ജീവിതത്തിൽ പ്രതിഫലിപ്പിച്ചത്. ഈ രണ്ട് സംഭവങ്ങളെയും ദൈവം കൈകാര്യം ചെയ്തവിധം നോക്കുമ്പോൾ ഇതു രണ്ടും ദൈവത്തിനിഷ്ടമില്ല എന്ന് മനസിലാകും.

ആദ്യം മോശെയ്ക്കുണ്ടായത് ഉന്നതഭാവം (Superiority Complex) രണ്ടാമത്തെ സംഭവത്തിൽ തനിക്കുണ്ടായത് അപകർഷതാബോധം (Inferiority Complex) ഇത് രണ്ടും ദൈവം ആഗ്രഹിക്കുന്നില്ല. നാം എങ്ങനെയാണോ അതുപോലെ പ്രതിഫലിപ്പിക്കുക. അതാണ് ദൈവം ആഗ്രഹിക്കുന്നത്. നമുക്കില്ലാത്തത് ഉണ്ടെന്നു കാണിച്ചാൽ ജീവിതത്തിൽ പരാജയങ്ങൾ സംഭവിക്കും. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന കാര്യങ്ങൾക്ക് കാലതാമസം നേരിടും. ഒരു പക്ഷെ നമ്മിൽ നിന്നും തന്നെ ആ പദ്ധതി മാറിപോയെന്നും വരാം. ഇനി നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുവാൻ കഴിയുകയില്ല എന്ന് ചിന്തിക്കുന്നതോ? അതും നമുക്ക് തന്നെയാണ് നഷ്ടം വരുത്തി വെക്കുന്നത്.

അതുകൊണ്ട് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച്, നമ്മെ തന്നെ ശരിയായി പ്രതിഫലിപ്പിക്കുവാൻ നമുക്കാവണം. മോശെ അത് പിന്നീട് മനസ്സിലാക്കിയതു കൊണ്ടാവണം ദൈവം തന്നെ ഉപയോഗിച്ചത്. മാത്രമല്ല സൗമ്യതയുടെ പര്യായമായി തന്നെ ദൈവം മോശെയെ വിശേഷിപ്പിച്ചു.

യൗവനത്തിലാണ് മേൽപറഞ്ഞ ഭാവങ്ങൾ പ്രകടിപ്പിക്കപ്പെടുന്നത്. അതുകൊണ്ടു തന്നെ യുവജനങ്ങൾ വളരെ ശ്രദ്ധിക്കണം. സൗമ്യത നമ്മിൽ വളർത്തണമെങ്കിൽ ശരിയായ ശ്രമം നമ്മിൽ നിന്നുതന്നെയുണ്ടാകണം. ദൈവത്തിൽ പൂർണമായി ആശ്രയിക്കണം. ഒരു കാര്യം ചെയ്യുന്നതിനു മുമ്പ് ചില നിമിഷങ്ങൾ ചിന്തിക്കുക. ഞാൻ ചെയ്യേണ്ടതാണോ? എനിക്ക് ചെയ്യാൻ കഴിയുമോ? ദൈവത്തോട് പ്രാർത്ഥിക്കുക! ദൈവം വഴി നടത്തും.!

*ടെൻസൻ ജോസഫ്*
*എറണാകുളം*

1-ാം പേജിൽ നിന്ന് തുടർച്ച

# ...കൊച്ചി നഗരത്തിലെ

ലഘുലേഖ വിതരണവും വലിയ പ്രയോജനം ചെയ്യില്ല. ഗുരുതരമായ മറ്റൊരു പ്രശ്നം, ചേരിയുടെതായ എല്ലാ മൂല്യശോഷണവും ഇവിടെയുണ്ടെന്നതാണ്. മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ലഭ്യതയും, ഉപയോഗവും വളരെ കൂടുതലാണ്. സുവിശേഷം മനസിലായാൽ പോലും അതിനെ അംഗീകരിക്കുവാൻ പ്രധാന തടസവും ഇതു കൊണ്ടുണ്ടാകുന്നു.



*കൊച്ചി നഗരത്തിന്റെ ഒരു ദൃശ്യം*

1975-നും 85-നും മദ്ധ്യേ നേവിയിൽ ഉദ്യോഗസ്ഥരായ ചില തമിഴ് സഹോദരൻമാർ ഈ മേഖലയിൽ സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. പിന്നീട് അങ്ങനെ ഒരു പ്രവർത്തനം നടന്നില്ല. എന്നാൽ ഇപ്പോൾ ഒരു തമിഴ് സഹോദരന്റെ സഹായത്തിൽ ഇവിടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ മറ്റ് ചില സുവിശേഷ വിഹിത സഭകളുടെയും പ്രവർത്തനം ഇവിടെയുണ്ട്. ഏകദേശം ഒരു ലക്ഷത്തോളം തമിഴർ എറണാകുളം നഗരത്തിൽ ഉണ്ടെന്നാണ് കണക്ക്. ഒരു പക്ഷെ യഥാർത്ഥ എണ്ണം ഇതിലും കൂടുതലായിരിക്കാം. ഈ എണ്ണത്തിൽ നിന്ന് ഒരു ശതമാനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും ചെയ്താൽ അധികം താമസിയാതെ നമ്മുടെ നാട്ടിൽ ഒരു തമിഴ് സഭയുണ്ടായെന്നു വരാം.



*മറ്റൊരു ചേരി*

മേൽ പറഞ്ഞത് തമിഴ്നാട്ടുകാരുടെ കാര്യം. അതിനെക്കാൾ കൂടുതൽ വടക്കെ ഇന്ത്യയിൽ നിന്നുള്ളവരുണ്ട് കൊച്ചി നഗരത്തിൽ. ഭാഷാടിസ്ഥാനത്തിൽ ഇവരും ഓരോ മേഖലകളിൽ കൂട്ടമായി താമസിക്കുന്നു. വാത്തുരുത്തി പോലെ വലിയ ചേരിയായി ഇക്കൂട്ടർ രൂപപ്പെട്ടില്ലയെങ്കിലും കൂട്ടത്തോടെ വഴിയോരങ്ങളിലും ഒഴിഞ്ഞ സ്ഥലങ്ങളിലും ചെറു കൂര നിർമ്മിച്ച് ഇവർ താമസിക്കുന്നു.

ഒരർത്ഥത്തിൽ വടക്കെ ഇന്ത്യയിലേക്ക് സുവിശേഷ പ്രവർത്തനങ്ങൾക്ക് പോകുവാൻ താൽപര്യമുള്ളവർക്ക് ഇവിടെ അതിനുള്ള പരിശീലനത്തിന് ഒരവസരമുണ്ട്. അന്യസംസ്ഥാനത്തു നിന്നുള്ള എട്ടുലക്ഷത്തോളം പേർ കൊച്ചിയിലുണ്ടെന്നാണ് കണക്ക്. മട്ടാഞ്ചേരിയിലെ ഗുജറാത്തികൾ മുതൽ ബീഹാർ, ഒറീസ, ആസാം അടക്കമുള്ള വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ അതിവസിക്കുന്ന കൊച്ചിയിൽ സുവിശേഷത്തിന്റെ സാധ്യത വർദ്ധിക്കുകയാണ്. ഒരു പക്ഷെ "നോർത്ത് ഇന്ത്യയെ" കർത്താവ് നമ്മുടെ അടുക്കൽ കൊണ്ടുവന്നതാണോ?

*- റിന്യൂവൽ റിപ്പോർട്ടർ*

# ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റ് റിപ്പോർട്ട്

ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റിന്റെ 35-ാമത് വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഭാരതത്തിലെ സുവിശേഷ വയലുകളിൽ ആത്മാക്കളെ നേടുവാൻ പ്രയത്നിക്കുന്ന ദൈവദാസൻമാർക്കും കുടുംബാംഗങ്ങൾക്കും സഹായമെത്തിക്കുക എന്ന ആത്മീയ ദർശനം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റ്.

1973ൽ പ്രവർത്തനം ആരംഭിച്ച ഈ ട്രസ്റ്റ് ബ്രദ്റൻ സഭകളിൽ നിന്നും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന സ്വമേധ ദാനങ്ങൾ ബ്രദറൻ സഭകളാൽ കമന്റ് ചെയ്യപ്പെട്ട്, പൂർണ്ണ സമയം സുവിശേഷ വേലയിൽ ഏർപ്പെട്ടുവരുന്ന ദൈവദാസൻമാരുടെ ക്ഷേമത്തിനായ് എത്തിച്ചു കൊടുക്കുന്നു. ഈ ട്രസ്റ്റിലേക്ക് പണം ആയക്കുന്നത് ഭാരതത്തിലും വിദേശത്തും ഉള്ള വേർപെട്ട ദൈവജനം ആണ്.

കഴിഞ്ഞ വർഷത്തേ അപേക്ഷിച്ച് വരവിൽ 25 ലക്ഷത്തോളം രൂപ കുറഞ്ഞിട്ടുണ്ട്. ഈ കുറവ് വിദേശങ്ങളിൽനിന്നും ചില സ്ഥാപനങ്ങൾക്ക് വന്നുകൊണ്ടിരിക്കുന്ന നിർദ്ദിഷ്ട ദാനങ്ങളിൻമേൽ ഭരണ സമിതി ഏർപ്പെടുത്തിയ നിയന്ത്രണം മൂലമാണ് ഉണ്ടായത്. ഇത് ഒഴിച്ചാൽ സഭകളിൽനിന്നും വ്യക്തികളിൽനിന്നും മറ്റ് വരവിൽനിന്നും ഉണ്ടായ വരുമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായി. മൊത്തം ചിലവിന്റെ 80 ശതമാനം സുവിശേഷകൻമാർക്കായി മാറ്റിവച്ചു. ബാക്കി തുക സുവിശേഷ പ്രവർത്തനങ്ങൾ, ബൈബിൾ സ്കൂൾ, വിധവമാർക്കും പാവപ്പെട്ടവർക്കും ഉള്ള സഹായത്തിന്, ആശുപത്രി, അനാഥാലങ്ങൾ, ട്രാക്റ്റുകൾ അച്ചടിക്കുന്നതിനുമായി നിർദ്ദിഷ്ട ദാനങ്ങൾ അയച്ചവരുടെ നിർദ്ദേശ പ്രകാരം വിതരണം ചെയ്തു.

സഹായം അയക്കുന്നവർ ചെക്കുകളും ഡ്രാഫ്റ്റുകളും ഇന്ത്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റിന്റെ പേരിൽ മാത്രം അയക്കണം. വിലാസം – The Secretary, Indian Evangelical Trust, 50/309-A, Gilgal - 2, Prasanthi Nagar, Edappally, Kochi, Kerala - 682 024.

## വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

### WANTED BRIDE GROOM

**RM No : 815 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2" ഉയരം. B.Sc. Nurse. ബാംഗ്ലൂരിൽ ജോലി.

**RM No : 816 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'5" ഉയരം. M.A. English & BCA. വടക്കേ ഇന്ത്യയിൽ ജോലി.

**RM No : 817 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'6" ഉയരം. MDS. വടക്കേഇന്ത്യയിലെ ഒരു മെഡിക്കൽ കോളജിൽ ലക്ചററായി ജോലി.

**RM No : 818 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട യുവതി 30 വയസ്സ് 5'2" ഉയരം. SSLC.

### WANTED BRIDE

**RM No : 819 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5' 11" ഉയരം. ഓട്ടോ മൊബൈൽ മെക്കാനിക്ക്.

**RM No : 820 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'6"ഉയരം. BCom, ഗൾഫിൽ ജോലി. ഒക്ടോബറിൽ നാട്ടിൽ വരും.

**RM No : 821 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 32 വയസ്സ് 5'9" ഉയരം. CA (Inter) ജോലിയുണ്ട്.

**RM No : 822 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'9"ഉയരം.ഇലക്ട്രിക്കൽ സൂപ്പർവൈസറായിഗൾഫിൽ ജോലി.

**RM No : 823 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'7"ഉയരം. PG (Hospitality Management) ന്യൂസിലാന്റിൽ ജോലി.

**RM No : 824 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 24 വയസ്സ് 5'10" ഉയരം. Electrical & Electronics ഗൾഫിൽ ജോലി.

**RM No : 825 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'9" ഉയരം. ഒരു അംഗീകൃത സ്ഥാപനത്തിൽ എക്സിക്യൂട്ടീവ് തസ്തികയിൽ ജോലി.

**RM No : 826 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'7" ഉയരം. B.Com. LLB

**RM No : 827 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'7" ഉയരം. BE (E&I), ലക്ചററായി ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

## ആത്മീക കൂട്ടായ്മക്ക്

കർണ്ണാടകയിൽ സുള്ള്യയിലുള്ള കോളേജുകളിൽ പഠനത്തിനായ് കടന്നുവരുന്ന ബ്രദ്റൻ സഭാംഗങ്ങളായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ, ആരാധനയ്ക്കും മറ്റ് ആത്മീക കൂട്ടായ്മകൾക്കും ബന്ധപ്പെടുക. സുവി. അഗസ്റ്റിൻ കെ. മാത്യു (09495536478), സഹോ. ജി. കുഞ്ഞുമോൻ (09448163194).

## പൂവൻപൊയ്ക സഭ

കൊട്ടാരക്കര അമ്പലപ്പുറം എന്ന സ്ഥലത്തു നിന്ന് കൊട്ടാരക്കര തൃക്കണ്ണമംഗൽ എബനേസർ ഹാളിൽ കൂടി വന്നിരുന്ന ചില വിശ്വാസികൾ, ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് സൗകര്യാർത്ഥം അമ്പലപ്പുറത്ത് SAIയുടെ പേരിൽ 10 സെന്റ് സ്ഥലം വാങ്ങി ഒരു ഹാൾ നിർമ്മിക്കുകയും 1977 സെപ്റ്റംബർ മുതൽ അവിടെ ആരാധനയും മറ്റ് ആത്മീയ പ്രവർത്തനങ്ങളും ആരംഭിക്കുകയും ചെയ്യുവാൻ കർത്താവ് സഹായിച്ചു. 22 കുടുംബങ്ങളിൽ നിന്നായി 75 പേരോളം കൂടി വരുന്നു. ഇപ്പോൾ ആരാധിച്ചുകൊണ്ടിരിക്കുന്ന ഹാൾ ബലഹീനവും വേണ്ടത്ര സ്ഥല സൗകര്യം ഇല്ലാത്തതും ആകയാൽ പുതിയ ഒരു ഹാൾ (45 ത 20) പണിയുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. ഇതിന്റെ പണിയ്ക്കായി 10 ലക്ഷത്തോളം രൂപ ആവശ്യമാണ്. 4 ലക്ഷം രൂപ ഞങ്ങൾ ശേഖരിച്ചിട്ടുണ്ട്. ബാക്കി തുക ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന്റെ ആവശ്യത്തിനായി K.Y. Chacko, South Indian Bank, Kottarakara Branchൽ ഒരു ജോയിന്റ് അക്കൗണ്ട് (A/c No. 11780) തുടങ്ങിയിരിക്കുന്നു. – കെ. വൈ. ചാക്കോ, എ. ജോർജ്ജ്, ജി. തോമസ്. K.Y. Chacko, Poovan-poikayil, E.T.C. P.O., Amba-lappuram, Kottarakara, Kollam

## ഒന്നാം റാങ്ക് നേടി



പറവൂർ സഭാംഗം ചക്കാലമറ്റത്ത് മാത്യൂസ് സി. ജോണിന്റെയും സൂസമ്മ വർഗ്ഗീസിന്റെയും മകൾ ലിസ്ബി അനു മാത്യൂസ് കേരള സർവ്വകലാശാലയുടെ എം.എസ്.സി. സുവോളജി (ജനറൽ ആൻഡ് അപ്ലൈഡ്) പരീക്ഷയിൽ ഒന്നാം റാങ്ക് നേടി. പൊതു വിദ്യാഭ്യാസ സെക്രട്ടറി ജെയിംസ് വർഗീസ് IASന്റെ സഹോദരീ പുത്രിയാണ്.

## ലംതപുട്ട് (ഒറീസ്സ)

ഏപ്രിൽ 30 മുതൽ മെയ് 3വരെ കുട്ടികൾക്കായി സുവിശേഷ ക്യാമ്പ് നടന്നു. അക്രൈസ്തവരായ ചില കുഞ്ഞുങ്ങൾ സത്യ ദൈവത്തെ അറിയുവാനിടയായി. 63 കുട്ടികൾ പങ്കെടുത്തു. പ്രവർത്തനങ്ങൾ ഇല്ലാതിരുന്ന മൽക്കാൻഗിരി, കേന്ദ്രപ്പാറ എന്നീ ജില്ലകളിൽ പ്രവർത്തനങ്ങൾ അനുഗ്രഹമായി പുരോഗമിക്കുന്നു.

ഈ വർഷവും ജൂൺ 16 മുതൽ 6 മാസത്തെ ബൈബിൾ ട്രെയിനിംഗ് നടക്കും. ഗ്രാമസുവിശേഷ പ്രവർത്തനങ്ങളിലൂടെ രക്ഷയിലേക്കു വന്നതും, തിരുവചനം പടിക്കുവാൻ താല്പര്യമുള്ളവരുമായ 16 തദ്ദേശിയ യുവാക്കന്മാരെ ഒരുക്കിയെടുക്കുക എന്നതാണ് ലക്ഷ്യം. – കെ.സി. തോമസ്.

## രാജസ്ഥാൻ

ഹത്തോജിൽ പ്രവർത്തിക്കുന്ന സഹോ. ജോസ് മാതൃുവിന്റെ

## നമുക്കു ചുറ്റും

മകൻ ജോളിയുടെ (2 വയസ്സ്) കാലുകൾ വളഞ്ഞു നേരെയാകാൻ ഓപ്പറേഷൻ നടത്തിയെങ്കിലും ഇടതുകാൽ ശരിയായിട്ടില്ല. അത്യാവശ്യമായി ശസ്ത്രക്രിയ ഉടനെ വേണം. ഹൃദയതകരാറും ഉണ്ട്. പ്രാർത്ഥിക്കുക. Jose Mathew, Evangelist, 13 Gospel Home, Hathoj (PO), Kalwar Road, Jaipur, Rajasthan, Pin - 303 706.

## അബുദാബി സുവിശേഷ യോഗങ്ങൾ

അബുദാബി സുവിശേഷ യോഗങ്ങൾ സെപ്റ്റംബർ 22 മുതൽ 24 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ വെച്ച് നടക്കുന്നു. സുവി. പി.ജി. ജെയിംസ് (തണ്ണിത്തോട്) സന്ദേശങ്ങൾ നൽകും.

## കാലടി സഭ

കഴിഞ്ഞ ആറ് വർഷമായി ചില സുവിശേഷകന്മാരുടെ കൂട്ടായ പ്രവർത്തനം മുഖാന്തരം കാലടിയിൽ ജൂലൈ 27ന് സഭാ കൂടിവരവ് ആരംഭിച്ചു. തദ്ദേശ വാസിയായ സുവിശേഷം കേട്ട് വിശ്വാസത്തിൽ വന്ന സഹോദരൻ വാഴപ്പള്ളി കൊച്ചു വർക്കിയുടെ ഭവനത്തിലാണ് കൂടിവരവ് ആരംഭിച്ചിരിക്കുന്നത്. കുട്ടികളടക്കം 22-ഓളം പേർ കൂടിവരുന്നു. നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്ന് 3 കി.മീ. കാഞ്ഞൂർ റോഡിൽ ഓട്ടു കമ്പനി പടിയിലാണ് സഭാ കൂടിവരവ് എന്നുള്ളതു കൊണ്ട് ഞായറാഴ്ചകളിൽ വിദേശത്തേയ്ക്കും മറ്റും യാത്ര ചെയ്യുന്നവർക്ക് ആരാധന യോഗത്തിനായി കടന്നുവരുവാൻ ഈ സഭ വളരെ സൗകര്യപ്രദമാണെന്നുള്ളത് ശ്രദ്ധേയമാണ്. ബന്ധപ്പെടേണ്ട ഫോൺ – നോബിൾ ജോർജ്ജ് (9388960825), ജോൺസൺ കുളങ്ങര (9846193298).

## നിത്യതയിൽ



അങ്കമാലി പടിഞ്ഞാറെ സഭാംഗം കാഞ്ഞിലക്കാടൻ റാഹേൽ ശമുവേൽ (74) 30.7.08-ൽ മഹത്വത്തിലേക്ക് പ്രവേശിച്ചു. മക്കൾ – തങ്കമ്മ, ഡാനി, മേരി.

## വിവാഹിതരായി



അങ്കമാലി പടിഞ്ഞാറെ സഭാംഗം മൂലേപ്പറമ്പിൽ **ജോയി ജോസഫും** ക്രാരിയേലി പുന്നക്കൽ പി.എം. പൗലോസിന്റെ മകൾ **ഷൈനിയും** ആഗസ്റ്റ് 9ന് വിവാഹിതരായി.

## ഭിവാനി സുവിശേഷ യോഗം

ഹരിയാനയിലെ ഭിവാനി ജയിലിൽ സുവിശേഷ യോഗം നടത്തുന്നതിനും 500ഓളം പുതിയ നിയമവും സുവിശേഷ പ്രതികളും വിതരണം ചെയ്യുന്നതിനും കർത്താവ് സഹായിച്ചു. അലക്സ് എബ്രഹാം, ഡേവിഡ് ഫിലിപ്പ്, ദീപാ ചന്ദ്ര തുടങ്ങിയവർ വചനം ശുശ്രൂഷിച്ചു. – സുവി. കെ.കെ. തങ്കച്ചൻ.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

റിന്യൂവൽ ഒരു ശുശ്രൂഷയാണ്. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ കൈയ്യിൽ ഒരു വർഷം റിന്യൂവൽ എത്തിക്കുവാൻ 50 രൂപ ചിലവു വരും. നിങ്ങളുടെ വരിസംഖ്യ കാലാവധി തീരുന്നത് റിന്യൂവലിന്റെ റാപ്പറിൽ നോക്കിയാൽ അറിയാം. ഉദാ. റാപ്പറിൽ അഡ്രസ്സിന്റെ വലതു ഭാഗത്ത് S08AUG എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2008 ആഗസ്റ്റിൽ നിങ്ങളുടെ വരിസംഖ്യ പുതുക്കണമെന്നാണ്. നിങ്ങളുടെ പ്രാപ്തിപോലെ ഈ ശുശ്രൂഷയിൽ സഹകരിക്കുക.


**TIRUVALLA MEDICAL MISSION**
**Post Box No. 50, Tiruvalla - 689 101. Tel : 2630144 / 45 / 46.**
Few seats available for following paramedical courses.

**Medical Laboratory Technology**
**Medical Record Technology**
**Medical Radiation Technology**
**Medical Anaesthesia Technology**

All courses approved by CMAI.
For details contact Administrative Office


# പ്രയർ കലണ്ടർ
## സെപ്റ്റംബർ 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിററ് സ്തുതി:<br>5 മിനിററ് നന്ദി (സ്ത്രോതം):<br>5 മിനിററ് ഏററുപറച്ചിൽ:<br>20 മിനിററ് വചനധ്യാനം:<br>20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിററ് അപേക്ഷ: | **7** സ്ഥലം സഭയിലെ മൂപ്പന്മാർ സുവിശേഷകന്മാർ, ശുശ്രൂഷകന്മാർ ഇവരുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുക. ദൈവഭയത്തിലും മാതൃകാപൂർണ്ണമായും ശുശ്രൂഷകൾ ചെയ്യുവാൻ. വചന ശുശ്രൂഷ ചെയ്യുന്നവർക്കു വേണ്ടി പ്രത്യേകം. പുതുതായി കർത്താവിന്റെ വേലയ്ക്കായി ചിലർ എഴുന്നേൽക്കാൻ | **14** സഭയിലെ ഓരോ അംഗങ്ങളുടെയും ലിസ്റ്റുണ്ടാക്കി പേരുപറഞ്ഞ് പ്രാർത്ഥിക്കുക. രക്ഷിക്കപ്പെടാത്തവർ, പിന്മാറ്റത്തിലുള്ളവർ ഇവരെ കണ്ടുപിടിച്ച് പ്രത്യേകം. ആത്മീകമായി എല്ലാവരും ശുഭമായിരിക്കാൻ. വചനം വായിക്കുകയും പ്രാർത്ഥനയിൽ സമയം ചെലവഴിക്കുകയും ചെയ്യാൻ പ്രാർത്ഥിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുക. | **21** സഭയിലെ വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേകം. വിവാഹപ്രായമായവർക്കായി. ദൈവഹിതത്തിൽ വിവാഹം നടക്കുവാൻ. കുടുംബജീവിതം ദൈവഭക്തിയോടെ നയിക്കപ്പെടുവാൻ. വിദ്യാഭ്യാസപരമായ തീരുമാനങ്ങൾ എടുക്കേണ്ടവർക്കായി (പഠിക്കാൻ പോകുന്ന സ്ഥലത്ത് സഭാ കൂടിവരവുണ്ടോ എന്നന്വേഷിക്കുകയും വേണം) | **28** സഭയിലെ എല്ലാ മീറ്റിംഗുകൾക്കും വേണ്ടി. കർതൃമേശയും ആരാധനയും ഏറ്റവും ഭയഭക്തിയോടെയും സ്വയശോധനയോടെയും നടക്കുവാൻ. പ്രാർത്ഥനാ യോഗങ്ങളിലും ഇട ദിവസങ്ങളിലെ യോഗങ്ങൾക്കും കൂടുതൽ പേർ സംബന്ധിക്കുവാൻ. യുവജനങ്ങൾക്കായി പ്രത്യേക കൂടിവരവില്ലെങ്കിൽ ആരംഭിക്കുവാൻ. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **1** ഭരണാധികൾക്കായി പേരു പറഞ്ഞ്, അവർ ദൈവത്തെ ഭയപ്പെടാനും നീതിയോടെ ഭരിക്കുവാനും, രാഷ്ട്രപതി, പ്രതിഭാ പാട്ടീൽ, പ്രധാനമന്ത്രി കെ.ജി. ബാലകൃഷ്ണൻ, പ്രതിപക്ഷ നേതാവ് എൽ.കെ. അദ്ധ്വാനി, ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി, കേന്ദ്ര മന്ത്രിമാർ ഇവർക്കായി. | **8** നവംബറിൽ തെരഞ്ഞെടുപ്പ് നടക്കുന്ന മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ്, രാജസ്ഥാൻ, ഡൽഹി, മിസ്സോറാം, ജമ്മു – കാശ്മീർ എന്നിവിടങ്ങളിൽ സുവിശേഷകരെ വിരോധികളായവർ അധികാരത്തിൽ വരാതിരിക്കാൻ. സുവിശേഷത്തിനു കൂടുതൽ സ്വാതന്ത്ര്യം ലഭിക്കാൻ. പാർലമെന്റ് തെരഞ്ഞെടുപ്പ് അടുത്തു വരുന്നു. | **15** വിവിധ ആവശ്യങ്ങൾക്കായി നാം പോകുന്ന ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കായി. വില്ലേജ് ഓഫീസ്, ആർ.ടി.ഒ. ഓഫീസ്, ഇലക്ട്രിസിറ്റി ഓഫീസ്, കെ.എസ്. ആർ.ടി.സി. ജീവനക്കാർ, പോസ്റ്റ് ഓഫീസ്, ബാങ്ക് ജീവനക്കാർ ഇവർ രക്ഷിക്കപ്പെടുവാൻ. അഴിമതി ഇല്ലാതാകാൻ. | **22** കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർക്കു വേണ്ടി. മോഷണം, അക്രമങ്ങൾ ഇവ നിയന്ത്രിക്കപ്പെടാൻ. ഉദ്യോഗസ്ഥർ ദൈവഭയമുള്ളവരാകാൻ. നിങ്ങളുടെ സ്ഥലത്തെ പോലീസ് ഉദ്യോഗസ്ഥർ, കോൺസ്റ്റബിൾമാർ, ട്രാഫിക് പോലീസുകാർ ഇവർക്കായി. ഡി.ജി.പി. രമൺ ശ്രീ വാസ്തവ. | **29** രാഷ്ട്രീയ പാർട്ടി നേതാക്കൾക്കായി. ബി.ജെ.പി. നേതാക്കളായ രാജ്നാഥ് സിംഗ്, മുരളി മനോഹർ ജോഷ്, മായാവതി (ബി.എസ്.പി), മുലായാസിംഗ് യാദവ് (എസ്.പി), പ്രകാശ് കാരാട്ട്, സീതാറാം യച്ചൂരി (സി.പി.എം) ഇവരെല്ലാവരും ദൈവഭയത്തിൽ ജീവിക്കാൻ. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **2** രക്ഷിക്കപ്പെടാത്ത സ്നേഹിതർക്കു വേണ്ടി. നമ്മുടെ സംസാരവും പെരുമാറ്റവും മാതൃകയുള്ളതായിരിക്കുവാൻ. സ്നേഹിതരുടെ പേര് പറഞ്ഞ്. അവരെ മീറ്റിംഗുകൾക്ക് ക്ഷണിക്കുക. അവർക്കുവേണ്ടി പ്രത്യേക യോഗം നടത്തി സുവിശേഷം പങ്കുവെയ്ക്കുക. കത്തുകളിലൂടെയും ഇ മെയിൽ വഴിയും സുവിശേഷം അറിയിക്കുക. | **9** സഹപാഠികൾക്കായി. ലിസ്റ്റുണ്ടാക്കി പ്രാർത്ഥിക്കുക. മുൻപ് ഒരുമിച്ച് പഠിച്ചവരെ അന്വേഷിച്ച് അവരോട് സുവിശേഷം അറിയിക്കുക. നല്ല ട്രാക്റ്റ് അവർക്ക് അയച്ചു കൊടുക്കുക. ബൈബിൾ സമ്മാനമായി നൽകുക. ദിവസവും അവർക്കു വേണ്ടി പ്രാർത്ഥിക്കുക. സഹപാഠികളുടെ വീട്ടിലുള്ളവർക്കായി പേര് പറഞ്ഞ്. | **16** ദിവസവും കണ്ടുമുട്ടുന്നവർക്കുവേണ്ടി. പേരു മനസ്സിലാക്കി പ്രാർത്ഥിക്കുക. ട്രാക്ടോ, ചെറു പുസ്തകങ്ങളോ നൽകുക. തയ്യൽക്കാർ, മക്കളുടെ അദ്ധ്യാപകർ, വീട്ടിൽ ജോലിക്കു വരുന്നവർ – ഇലക്ട്രീഷ്യൻ, പ്ലംബർ തുടങ്ങിയവർക്കായി. | **23** ഭാരതത്തിലെ സുവിശേഷ വിരോധ സംഘടനകൾ, തീവ്രവാദി പ്രസ്ഥാനങ്ങൾ ഇവയുടെ പേരുകൾ പത്രങ്ങളിൽ നിന്ന് ശേഖരിച്ച് പ്രാർത്ഥിക്കുക. ആർ.എസ്.എസ്. നേതാക്കളായ സുദർശൻ, മോഹൻ ഭാഗവത്, മദൻദാസ് ദേവി, സുരേഷ് സോണി, ഭയ്യാജി ജോഷി, വി.എച്ച്.പി. നേതാവ്, അശോക് സിംഗാൾ, പ്രവീൺ തൊഗാഡിയ. | **30** നിങ്ങൾ സുവിശേഷം പറഞ്ഞവരെ ഓർത്ത്. അനുധാവന പ്രവർത്തനങ്ങൾക്കായി. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുക. അവർ അടുത്തുള്ള സഭകളിൽ പോകുവാൻ. അവരെ സ്വാഗതം ചെയ്യാൻ. സഭയിലെ ചുമതലപ്പെട്ടവരെ ഓർത്ത്. |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **3** പകർച്ചവ്യാധികൾ പടരാതിരിക്കുവാൻ. വടക്കൻ മലബാറിൽ പലയിടത്തും ചിക്കുൻ ഗുനിയ ബാധിച്ച് വിശ്വാസികളും കഷ്ടപ്പെടുന്നു. അധികാരികൾ ഉണർന്നു പ്രവർത്തിക്കുവാൻ. ഗവ. ആശുപത്രി ഡോക്ടർമാർ, നേഴ്സുമാർ, പ്രൈവറ്റ് ആശുപത്രി ഡോക്ടർമാർ, ജോലിക്കാർ പഞ്ചായത്ത് – മുനിസിപ്പൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി. | **10** ക്യാൻസർ രോഗികൾ – റോഡ്നി പോൾ, പി.ഒ. ഏലിയാസ് (പട്ടിക്കാട്), ജോസ് തോപ്പിൽ (യു.എസ്.എ.), ടോണി ജോൺ (യു.എസ്.എ), പി. ചാക്കോ, തങ്കമ്മ (കൊട്ടാരക്കര), ശ്രീകാന്ത് കെ. (പൂന), തോമസ് എബ്രഹാം (കുവൈറ്റ്). സഹോ. ജോർജ്ജ് (കുണ്ടറ)നു ലഭിച്ചുകൊണ്ടിരിക്കുന്ന ആശ്വാസത്തിനായി | **17** പല രോഗത്താൽ ഭാരപ്പെടുന്നവർക്കായി. ടി.എസ്. ജോൺ (പയ്യന്നൂർ), കെ.ജെ. ജോസഫ് (തിരുവനന്തപുരം), പി. മാത്യൂസ് (മണ്ണൂർ), അസുഖം മാറിക്കൊണ്ടിരിക്കുന്ന എസ്തേറിനെ ഓർത്ത് സ്തോത്രം ചെയ്യാം. ജോൺ സൺ കെ.സി. (തൃശ്ശൂർ), പൗലോസ് ചക്കാലമറ്റം (തൃശ്ശൂർ), ജോളി ജോസ് (രാജസ്ഥാൻ), പി.എം. ജോണിക്കുട്ടി (യുഎസ്എ), എ.ആർ. പീറ്റർ (പാലക്കാട്), | **24** മറ്റ് രോഗികൾ – നോയൽ (11), എസ്. വി. രാമലിംഗം (സിംഗപ്പൂർ), കെ.സി. മാത്യു, വിശാൽ കാച്ചു (ഗ്വാളിയർ), സുവി. വൈ. തങ്കച്ചൻ (രാജസ്ഥാൻ), മേരി പോൾ (കോട്ടയം), ജോർജ്ജ് കുട്ടി ലൂക്കോസ്, സൂസമ്മ ജേക്കബ് (ഇടക്കര), ഏലിയാമ്മ മത്തായി (നിലമ്പൂർ), റോസമ്മ തോമസ് (അങ്കമാലി), ഷാജി കെ. (കുവൈറ്റ്), വി. കുര്യാക്കോസ്, അന്നമ്മ കുര്യാക്കോസ് (കുന്നുകുരുടി) | പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക.<br>**പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.** |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **4** വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സുവിശേഷകരെയും കുടുംബാംഗങ്ങളെയും ഓർത്ത് (പ്രെയർ ഹാൻഡ് ബുക്ക് ലഭ്യമെങ്കിൽ അതിന്റെ സഹായത്താൽ എല്ലാവരുടെയും പേരു പറഞ്ഞ്). ഗുജറാത്ത്, രാജസ്ഥാൻ, മദ്ധ്യ പ്രദേശ് സർക്കാർ അധികാരികൾക്കായി. ദൈവജനത്തിന് വിരോധമായ നീക്കങ്ങൾ ഉണ്ടാകാതിരിക്കാൻ. | **11** ബൈബിൾ സ്കൂളിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന ബാച്ചുകൾക്കായി. ശരിയായ വിളിയും ദർശനവും ലഭിക്കാൻ. പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി. കുമ്പനാട് ബഥനി., പെരുമ്പാവൂർ ജി.റ്റി.സി., ചെന്നൈ എസ്.ബി.സി., പത്തനംതിട്ട ബി.ബി.ഐ. മധുര ബൈബിൾ സ്കൂൾ, തൃശൂർ റഹബോത്ത് ഇൻസ്റ്റിറ്റ്യൂട്ട്. | **18** വൈ.എം.ഇ.എഫ്. നോർത്ത്, സൗത്ത് ഡിവിഷൻ പ്രവർത്തനങ്ങൾക്കായി. വടക്കെ ഇന്ത്യയിലെ സുവിശേഷകർ ഒന്നിച്ചുള്ള പ്രവർത്തനം പല സ്ഥലങ്ങളിലും നടക്കുന്നു. സുവിശേഷകരെ സഹായിക്കുന്ന ഫണ്ടുകൾക്കും സംഘടനകൾക്കും വേണ്ടി. കെ.ഇ.എം. ഫണ്ട്, ജി.എഫ്.റ്റി. ഐ., ഐ.ഇ.റ്റി. ജനറൽ ഗോസ്പൽ ഫണ്ട്. | **25** ട്രാക്റ്റ് വിതരണം ചെയ്യുന്ന സംഘടനകൾക്കായി, ഗോസ്പൽ ട്രാക്റ്റ് സൊസൈറ്റി (മൈലപ്ര), ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രി (എറണാകുളം), ഡൽഹിയിൽ നടന്ന നാഷണൽ മിഷണറി ചലഞ്ച്കോൺഫറൻസിന്റെ ഫോളോ അപ് പ്രവർത്തനങ്ങൾക്കായി. റീജണൽ കോൺഫറൻസുകൾ നടക്കുവാൻ. |  |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | **5** ഭാരതത്തിന്റെ അയൽരാജ്യങ്ങളായ ചൈന, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, മ്യാൻമാർ, മാലി, നേപ്പാൾ, ശ്രീലങ്ക, ബൂട്ടാൻ എന്നിവയ്ക്കുവേണ്ടി. ഇവിടുത്തെ ഭരണാധികാരികൾക്കു വേണ്ടിയും. മതസ്വാതന്ത്ര്യം ലഭിക്കാൻ. എവരി ഹോം ക്രൂസേഡ് ചില രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു. | **12** വളരെ പ്രാർത്ഥന ആവശ്യമുള്ള ചില ആഫ്രിക്കൻ രാജ്യങ്ങളുടെ പേര് താഴെ ചേർക്കുന്നു. ടാൻസാനിയ, ബെനിൻ, കെനിയ, സിംബാബ്വേ, മഡഗാസ്ക്കർ, ഉഗാണ്ട, ലെസാത്തോ, കാമറൂൺ, സിയാറെ ലിയോൺ, സാംബിയ, ലൈബീരിയ. കൂടുതൽ വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെങ്കിൽ ശേഖരിച്ച് ഭൂപടം നോക്കി പ്രാർത്ഥിക്കുക. | **19** ഗൾഫ് രാജ്യങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുക. ആരാധനാ സ്വാതന്ത്ര്യം നൽകിയിട്ടുള്ള ഭരണാധികാരികളെ ഓർത്തു സ്തോത്രം ചെയ്യാം. ജോലിക്കായി എത്തിയിട്ടുള്ള വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിശ്വാസികൾ സാക്ഷ്യത്തോടെ ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തോടെയും ജീവിക്കുവാൻ. | **26** 10/40 ജാലക രാജ്യങ്ങൾക്കു വേണ്ടി, 196 കോടി ജനങ്ങൾ മതനിയമങ്ങൾ പ്രാബല്യത്തിലിരിക്കുന്ന രാജ്യങ്ങളിൽ അധിവസിക്കുന്നു. സുവിശേഷീകരണ സ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങൾക്കുവേണ്ടി യിസ്രായേൽ – പലസ്തീൻ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കപ്പെടേണ്ടതിന്. ലബനനുവേണ്ടി പ്രത്യേകം. | |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **6** ഛത്തീസ്ഗഡിലെ പക്കഞ്ചോർ ആശുപത്രി. സാംസൺ നൈനാൻ, പ്രിനി മകൾ എമി. കോളേജ് സ്റ്റുഡൻസ് ക്യാമ്പ്, സെപ്റ്റംബർ 9ന് ചൊവ്വാഴ്ച്ച തിരുവല്ല റ്റി.എം.എം. നേഴ്സിങ്ങ് കോളേജിൽ നടക്കുന്നു. വൈ.എം.ഇ.എഫ്. ക്യാമ്പ് 9 മുതൽ കുമളിയിൽ. | **13** തെരുവുകുട്ടികളുടെ പുനധിവാസത്തിനായി പ്രവർത്തിക്കുന്നവർക്കായ്. ഓർഫനേജുകൾ, മിഷൻ സ്കൂളുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി, അനേക കുട്ടികൾ ദൈവത്തെ അറിയുവാൻ. കുട്ടികളുടെ ഇടയിൽ നടക്കുന്ന പ്രവർത്തനങ്ങളെയും ഓർത്ത്. സി.ഇ.എം., എസ്.ബി.എസ്., സി.ഇ.എഫ്. പ്രവർത്തനങ്ങൾക്കായി. | **20** കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടി, സണ്ടേസ്കൂൾ ശുശ്രൂഷ, രക്ഷിക്കപ്പെടാത്ത കുട്ടികളുടെ പേര് പറഞ്ഞ്, ചിൽഡ്രൻസ് ക്ലബുകൾക്കായി, കൂടുതൽ പേർ ശുശ്രൂഷക്കായി മുന്നോട്ട് വരുവാൻ, രഹബോത്ത് സ്കൂളിനായി (തൃശ്ശൂർ), നോയൽ മെമ്മോറിയൽ സ്കൂളുകൾക്കു വേണ്ടി പ്രത്യേകം. വടക്കേ ഇന്ത്യയിൽ കൂടുതൽ മിഷൻ സ്കൂളുകൾ ആരംഭിക്കുവാൻ. | **27** ആശുപത്രി പ്രവർത്തനങ്ങൾക്കായി. തിരുവല്ല മെഡിക്കൽ മിഷൻ, വാഴൂർ, മന്ദമരുതി, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ഒട്ടംചത്രം (തമിഴ്നാട്), സങ്കേശ്വർ മിഷൻ ഹോസ്പിറ്റൽ, ബൽഗാം, നരസപ്പൂർ ക്രിസ്ത്യൻ ഹോസ്പിറ്റൽ (ആന്ധ്ര), അംബാജിപേട്ട് ആശുപത്രി. | |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,